ഉത്തരം

(എ) പദ്ധതിരേഖകൾ തയ്യാറാക്കുന്ന കാര്യത്തിലും അവ നടപ്പിലാക്കുന്ന കാര്യത്തിലും പല പഞ്ചായത്തുകളിലും പോരായ്മകൾ ഉള്ളതായി സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

(ബി) നിലവിലുണ്ടായിരുന്ന വ്യവസ്ഥകൾക്ക് കൂടുതൽ സ്പഷ്ടീകരണം നൽകുകയും ആവശ്യമായ കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും വികസന സെമിനാറുകളിൽ ഉയർന്നുവരുന്ന സംശയങ്ങളും മറ്റും പരിഹരിച്ചുകൊടുക്കുകയും പദ്ധതിരേഖകൾ സമയബന്ധിതമായി തയ്യാറാക്കുന്നതിനും മറ്റും വേണ്ട നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. സമയപരിധി ഉണ്ടാകാതിരിക്കുവാനായി പദ്ധതിരേഖകൾക്ക് അംഗീകാരം നേടിയ പഞ്ചായത്തുകൾക്ക് പദ്ധതിവിഹിതത്തിന്റെ ഒന്നാം ഗഡു അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

പഞ്ചായത്ത്‌രാജ് ആക്ടിനോടനുബന്ധിച്ചുള്ള ചട്ടങ്ങൾ

99 (2897) ശ്രീ. പി.കെ. അബ്ദു റബ്ബ് :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത്‌രാജ് ആക്ടിനോടനുബന്ധിച്ചുള്ള എത്ര ചട്ടങ്ങൾ ഇതുവരെ പ്രസിദ്ധീകരിച്ചു;

(ബി) ഇനി എത്രയെണ്ണം പ്രസിദ്ധീകരിക്കാനുണ്ട്;

(സി) പഞ്ചായത്ത് ഡയറക്ടർ ഏതൊക്കെ കരട് ചട്ടങ്ങൾ സമർപ്പിച്ചിട്ടുണ്ട്;

(ഡി) ഇനി ഏതെല്ലാം കരട് ചട്ടങ്ങൾ സമർപ്പിക്കാനുണ്ട്;

(ഇ) അക്കൗണ്ട് ചട്ടങ്ങളും ബഡ്ജറ്റ് ചട്ടങ്ങളും എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കും;

(എഫ്) ചട്ടങ്ങൾ പുറപ്പെടുവിക്കുവാനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുമോ?

ഉത്തരം

(എ) 47 എണ്ണം.

(ബി) ആക്ടിലെ ഏത് വ്യവസ്ഥ നടപ്പാക്കാനും ചട്ടങ്ങൾ പുറപ്പെടുവിക്കാമെന്നതിനാൽ ഇനി എത്ര ചട്ടങ്ങൾ പ്രസിദ്ധീകരിക്കേണ്ടിവരുമെന്ന് ഇപ്പോൾ കൃത്യമായി പറയാൻ കഴിയില്ല.

(സി) പഞ്ചായത്ത് ഡയറക്ടർ 45 കരട് ചട്ടങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) (സി) ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല.

---

† അനുബന്ധം - VIII

LIBRARY ARCHIVES Kerala Legislative Assembly

(ഇ) താമസംവിനാ പുറപ്പെടുവിക്കുന്നതാണ്.

(എഫ്) ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

ഉൽപ്പാദനമേഖലയ്ക്ക് നീക്കിവച്ച തുക

100 (2898) ശ്രീ. കെ.സി. ജോസഫ് :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീ. എ.കെ. മണി :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-98, 1998-99 വർഷങ്ങളിലെ ജനകീയാസൂത്രണ പദ്ധതിക ളുടെ മാർഗ്ഗനിർദ്ദേശ പ്രകാരം ഉൽപ്പാദന മേഖലയിൽ ഓരോ ഇനത്തിലും ഓരോ ജില്ലാ പഞ്ചായത്തും നീക്കിവച്ചിരുന്ന തുക എത്ര വീതമെന്ന് വ്യക്തമാ ക്കുമോ;

(ബി) ഈ ഓരോ ഇനത്തിൽനിന്നും എന്തുതുക വീതം ഓരോ ജില്ലാ പഞ്ചായത്തും വകമാറ്റി ചെലവുചെയ്തു എന്ന് അറിയിക്കുമോ;

(സി) ഓരോ ജില്ലാ പഞ്ചായത്തും ഉൽപ്പാദനമേഖലയുടെ ഓരോ ഇനത്തിനും 1997-98, 1998-99 വർഷങ്ങളിൽ നീക്കിവച്ച തുകയിൽനിന്നും യഥാർത്ഥത്തിൽ ചെലവഴിച്ച തുകയെത്രയെന്ന് പറയുമോ?

ഉത്തരം

(എ) വിശദ വിവരം ശേഖരിച്ചു വരുന്നു.

(ബി) വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(സി) വിശദ വിവരം ശേഖരിച്ചു വരുന്നു.

വകമാറ്റി ചെലവുചെയ്ത തുക

101 (2899) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-98-ലെ ജനകീയാസൂത്രണ പദ്ധതികളുടെ മാർഗ്ഗനിർദ്ദേശം പ്രകാരം ഉൽപ്പാദനമേഖല, സേവനമേഖല, അടിസ്ഥാന സൗകര്യം ഉണ്ടാക്കു ന്നതിനുള്ള പശ്ചാത്തലമേഖല എന്നീ ഓരോ മേഖലയിലും ഗ്രാമപഞ്ചായത്തു കൾ ഒട്ടാകെ മാറ്റിവച്ച തുക എത്ര വീതമായിരുന്നു;

(ബി) ഇപ്രകാരം മാറ്റിവച്ച തുകയിൽനിന്ന് പ്രസ്തുത പഞ്ചായത്തു കൾ ഒട്ടാകെ എന്തു തുക വീതം വകമാറ്റി ചെലവുചെയ്തു;

(സി) ഓരോ മേഖലയിലും പ്രസ്തുത വർഷം ഗ്രാമപഞ്ചായത്തുകൾ യഥാർത്ഥത്തിൽ എന്ത് തുക വീതം ചെലവ് ചെയ്തുവെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

പത്തനംതിട്ട	125
ആലപ്പുഴ	84
കോട്ടയം	100
ഇടുക്കി	241
എറണാകുളം	304
തൃശ്ശൂർ	153
പാലക്കാട്	332
കോഴിക്കോട്	വിവരം ലഭിച്ചിട്ടില്ല
വയനാട്	ഇനി ബാക്കി ഇല്ല
മലപ്പുറം	66
കണ്ണൂർ	230
കാസർഗോഡ്	27
	2107

അനുബന്ധം VII

16.7.99-ലെ നക്ഷത്രചിഹ്നമിടാത്ത 99(2897)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക.

1	കേരള പഞ്ചായത്ത് രാജ്	(സേവന നികുതി) ചട്ടങ്ങൾ
2	കേരള പഞ്ചായത്ത് രാജ്	(പ്രദർശന നികുതി ചുമത്തലും ഈടാക്കലും) ചട്ടങ്ങൾ
3	കേരള പഞ്ചായത്ത് രാജ്	(വസ്തു കൈമാറ്റ നികുതി) ചട്ടങ്ങൾ
4	കേരള പഞ്ചായത്ത് രാജ്	(ഇറക്ക് സ്ഥലങ്ങൾ, വിരാമ സ്ഥലങ്ങൾ മറ്റ് വാഹന സ്റ്റാന്റുകൾ)
5	കേരള പഞ്ചായത്ത് രാജ്	(തൊഴിൽ നികുതി) ചട്ടങ്ങൾ
6	കേരള പഞ്ചായത്ത് രാജ്	(കരാർ) ചട്ടങ്ങൾ
7	കേരള പഞ്ചായത്ത് രാജ്	(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ
8	കേരള പഞ്ചായത്ത് രാജ്	(സാധാരണവും അംഗീകൃതവുമായ യാദൃശ്ചിക ചെലവ്) ചട്ടങ്ങൾ
9	കേരള പഞ്ചായത്ത് രാജ്	(പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും ഒപ്പുകളുടെ മുദ്ര ഉപയോഗിക്കൽ) ചട്ടങ്ങൾ
10	കേരള പഞ്ചായത്ത് രാജ്	(നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും) ചട്ടങ്ങൾ
11	കേരള പഞ്ചായത്ത് രാജ്	(നീരുറവകൾ, കുളങ്ങൾ, കിണറുകൾ തുടങ്ങിയവയുടെ ഉപയോഗം സംബന്ധിച്ച്) ചട്ടങ്ങൾ
12	കേരള പഞ്ചായത്ത് രാജ്	(അനാഥപ്രേതങ്ങളും മൃഗങ്ങളുടെ ശവ

LIBRARY ARCHIVES Kerala Legislative Assembly

		ശരീരങ്ങളും മറവ് ചെയ്യൽ) ചട്ടങ്ങൾ
13	കേരള പഞ്ചായത്ത് രാജ്	(നോട്ടീസുകൾ നൽകേണ്ട രീതി) ചട്ടങ്ങൾ
14	കേരള പഞ്ചായത്ത് രാജ്	(കശാപ്പുശാലകളും ഇറച്ചി കടകളും) ചട്ടങ്ങൾ
15	കേരള പഞ്ചായത്ത് രാജ്	(കെട്ടിട നികുതിയും അതിൻമേലുള്ള സർചാർജ്ജും) ചട്ടങ്ങൾ
16	കേരള പഞ്ചായത്ത് രാജ്	(വിജ്ഞാപനമോ, നോട്ടീസോ പരസ്യപ്പെടുത്തേണ്ട രീതി) ചട്ടങ്ങൾ
17	കേരള പഞ്ചായത്ത് രാജ്	(നിയമനുസൃതമല്ലാത്ത പ്രവൃത്തിനിർത്തൽ സ്വീകരിക്കേണ്ട നടപടിക്രമം) ചട്ടങ്ങൾ
18	കേരള പഞ്ചായത്ത് രാജ്	(പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങൾ
19	കേരള പഞ്ചായത്ത് രാജ്	(കുറ്റങ്ങൾ രാജിയാക്കൽ) ചട്ടങ്ങൾ
20	കേരള പഞ്ചായത്ത് രാജ്	(വില്ലേജ് ആഫീസർമാർ നിർവ്വഹിക്കേണ്ട കർത്തവ്യങ്ങൾ) ചട്ടങ്ങൾ
21	കേരള പഞ്ചായത്ത് രാജ്	പൊതു സ്വകാര്യ മാർക്കറ്റുകളുടെ നിയന്ത്രണവും ലൈസൻസ് നൽകൽ) ചട്ടങ്ങൾ.
22	കേരള പഞ്ചായത്ത് രാജ്	(കയ്യേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വയ്ക്കുന്നതിന് പിഴ ചുമത്തലും ഈടാക്കലും) ചട്ടങ്ങൾ
23	കേരള പഞ്ചായത്ത് രാജ്	(അക്കൗണ്ട്സ്) ചട്ടങ്ങൾ
24	കേരള പഞ്ചായത്ത് രാജ്	(ബഡ്ജറ്റ്) ചട്ടങ്ങൾ
25	കേരള പഞ്ചായത്ത് രാജ്	(ചെലവിന) ചട്ടങ്ങൾ
26	കേരള പഞ്ചായത്ത് രാജ്	(ഭരണ റിപ്പോർട്ട്) ചട്ടങ്ങൾ
27	കേരള പഞ്ചായത്ത് രാജ്	(ആഡിറ്റ്) ചട്ടങ്ങൾ
28	കേരള പഞ്ചായത്ത് രാജ്	(മരാമത്ത്) ചട്ടങ്ങൾ
29	കേരള പഞ്ചായത്ത് രാജ്	(സെക്രട്ടറിയുടെ ചുമതലകൾ ഏൽപ്പിക്കൽ) ചട്ടങ്ങൾ
30	കേരള പഞ്ചായത്ത് രാജ്	(ധനസഹായം) ചട്ടങ്ങൾ
31	കേരള പഞ്ചായത്ത് രാജ്	(വ്യവഹാര നിയന്ത്രണം) ചട്ടങ്ങൾ
32	കേരള പഞ്ചായത്ത് രാജ്	(വിദ്യാഭ്യാസം പ്രചരിപ്പിക്കൽ) ചട്ടങ്ങൾ
33	കേരള പഞ്ചായത്ത് രാജ്	(തീർത്ഥാടന കേന്ദ്രങ്ങളിൽ നിയന്ത്രണമുള്ളവരിൽനിന്നും അംശാദായം ഈടാക്കൽ) ചട്ടങ്ങൾ
34	കേരള പഞ്ചായത്ത് രാജ്	(സ്ഥാവര വസ്തുക്കൾ ആർജ്ജിക്കലും കൈമാറ്റം ചെയ്യലും) ചട്ടങ്ങൾ
35	കേരള പഞ്ചായത്ത് രാജ്	(ശവം മറവ് ചെയ്യുന്നതിനും ദഹിപ്പിക്കുന്നതിനുമുള്ള സ്ഥലങ്ങൾ ഏർപ്പെടുത്തൽ) ചട്ടങ്ങൾ
36	കേരള പഞ്ചായത്ത് രാജ്	(ഭൂനികുതി ചുമത്തലും, ഈടാക്കലും) ചട്ടങ്ങൾ
37	കേരള പഞ്ചായത്ത് രാജ്	(മജിസ്ട്രേറ്റുമാർ കുറ്റം വിചാരണ ചെയ്യൽ) ചട്ടങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

38	കേരള പഞ്ചായത്ത് രാജ്	(പ്ലാനും പദ്ധതികളും തയ്യാറാക്കൽ) ചട്ടങ്ങൾ
39	കേരള പഞ്ചായത്ത് രാജ്	(പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ
40	കേരള പഞ്ചായത്ത് രാജ്	(രേഖകൾ ആവശ്യപ്പെടൽ) ചട്ടങ്ങൾ
41	കേരള പഞ്ചായത്ത് രാജ്	(കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടത്തിനുള്ള സ്ഥാനം ഉപയോഗിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തൽ) ചട്ടങ്ങൾ
42	കേരള പഞ്ചായത്ത് രാജ്	(അടിസ്ഥാന നികുതി) ചട്ടങ്ങൾ
43	കേരള പഞ്ചായത്ത് രാജ്	(കരാറുകാർക്കും വാടകക്കാർക്കും കിഴിവ് അനുവദിക്കൽ) ചട്ടങ്ങൾ
44	കേരള പഞ്ചായത്ത് രാജ്	(പഞ്ചായത്ത് ജീവനക്കാരുടെമേൽ ലഘുശിക്ഷ ചുമത്തൽ) ചട്ടങ്ങൾ
45	കേരള പഞ്ചായത്ത് രാജ്	(റേഷൻ കടകൾ സ്ഥാപിക്കുന്നതിന് സംബന്ധിച്ച്) ചട്ടങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly